"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആലംകോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തിക കാറ്റഗറി-II വിഭാഗത്തിലേയ്ക്ക് ഉയർത്തുന്നതിനും, നിലവിൽ സേവനമനുഷ്ഠിക്കുന്ന പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം കാറ്റഗറി- II ശമ്പള സ്കെയിലിൽ പുനഃനിർണ്ണയിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.954/2026/H&FWD തീയതി, തിരുവനന്തപുരം, 07-03-2026

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.12.2024 തീയതിയിലെ ഇഎച്ച്1/32680/2023/ആവഡ നമ്പർ കത്ത്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.04.2025 തീയതിയിലെ ഇഎച്ച്1/15164/2024/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ആലംകോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയുടെ ശമ്പള സ്കെയിൽ കാറ്റഗറി-III വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ സ്വീപ്പിംഗ് ഏരിയ 774 ചതുരശ്ര മീറ്റർ ഉള്ളതിനാൽ ശമ്പള സ്കെയിൽ കാറ്റഗറി-II വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടുമുള്ള മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ അപേക്ഷ സൂചന (1) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ആലംകോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ സ്വീപ്പിംഗ് ഏരിയ 773.580 ച. മീറ്റർ ആണെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലംകോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തിക കാറ്റഗറി-III വിഭാഗത്തിൽ നിന്നും കാറ്റഗറി-II വിഭാഗത്തിലേക്ക് ഉയർത്തുന്നതിനും, ഉത്തരവ് തീയതി പ്രാബല്യത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം കാറ്റഗറി-II ശമ്പള സ്കെയിലിൽ പുനഃനിർണ്ണയിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (07.11.2025 തീയതിയിലെ 3245486/HLT-B1/147/2025-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി - (F2/369/2024-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 07-03-2026 12:38:21

സെക്ഷൻ ഓഫീസർ